LIBRARY ARCHIVES Kerala Legislative Assembly

വീതം വിലയുള്ള 2 ഡബിൾ ഡെക്കർ ബോട്ടുകളും വാങ്ങാൻ ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. പോഞ്ഞിക്കരയിലെ ആധുനിക സ്ലിപ് വേയുടെ 75 ശതമാനം പണി ഈ വർഷം പൂർത്തിയാക്കുന്നതിനും, കൂടാതെ 1 കോടി 21 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മുഹമ്മ സ്റ്റേഷനാഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി വരുന്ന ബാക്കി തുക നൽകുന്നതിനും, വൈക്കം സ്റ്റേഷനാഫീസിന്റെ നിർമ്മാണത്തിനുവേണ്ടി വരുന്ന തുക നൽകാനും, കൊല്ലത്തും, കോട്ടയത്തും പുതിയ സ്റ്റേഷനാഫീസ് നിർമ്മിക്കാനും ജെട്ടികളിൽ താങ്ങുകുറ്റികൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ ആലപ്പുഴയിലേയും, തേവരയിലേയും വർക്ക് ഷോപ്പ് നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) പോഞ്ഞിക്കരയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖേന 159 ലക്ഷം രൂപ ചെലവിൽ ഒരു ആധുനിക സ്ലിപ്പ്വേ നിർമ്മിക്കുന്നതിന്റെ വർക്ക് ഓർഡർ നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാനുള്ള തുക നടപ്പു സാമ്പത്തിക വർഷം വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിന് 159 ലക്ഷം രൂപ ചെലവിടേണ്ടി വരുമെന്ന് കണക്കാക്കുന്നു.

(ഡി) 2010-11 സാമ്പത്തിക വർഷാവസാനത്തോടെ സ്ലിപ്പ്വേ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജലഗതാഗത വകുപ്പ് ജീവനക്കാർക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്താൻ നടപടി

184 (5404) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാർക്കും ബോട്ടിലെ ജീവനക്കാർക്കുമായി ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജലഗതാഗത വകുപ്പ് യാത്രക്കാർക്കും ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലഗതാഗത വകുപ്പ് ക്രൂ വിഭാഗം ജീവനക്കാർക്കും യാത്രക്കാർക്കും 31-3-2011-ൽ അവസാനിക്കുന്ന ഒരു വർഷത്തേയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നു.

ഒരു വർഷത്തേയ്ക്ക് പരമാവധി കവറേജ് - ഒരു കോടി രൂപ.

ഒരു അത്യാഹിതത്തിലെ പരമാവധി കവറേജ് - 25 ലക്ഷം രൂപ.

ഒരു വ്യക്തിയുടെ മരണം, പൂർണ്ണമായ അംഗവൈകല്യം- ഒരു ലക്ഷം രൂപ

ഭാഗികമായ അംഗവൈകല്യം- 50,000 രൂപ.

കണ്ടശ്ശാംകടവിൽ നിന്ന് ചേറ്റുവയിലേക്ക് ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടി

185 (5405) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കനോലി കനാലിലെ കണ്ടശ്ശാംകടവ് ബോട്ടുജെട്ടി നവീകരണം പൂർത്തിയാകുന്നതോടെ കണ്ടശ്ശാംകടവിൽ നിന്നാരംഭിച്ച് ഏനാമാവ് നെഹ്റുപാർക്ക്, വെങ്കിടങ്ങ്, മുല്ലശ്ശേരി, പാവറട്ടി എന്നീ തീരങ്ങൾ വഴി ചേറ്റുവയിലേക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) വകുപ്പിന് പുതിയ ബോട്ടുകളും ജീവനക്കാരും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ മേഖലകളിലേയ്ക്ക് ബോട്ട് സർവ്വീസ് വ്യാപിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇപ്പോൾ ഈ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) ഇപ്രകാരം ബോട്ട് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ അവസാനിച്ചു)

LIBRARY ARCHIVES Kerala Legislative Assembly